# MASTER PLAN



## ജി.എൽ.പി.സ്കൂൾ വെൺമണി

# 2025-26

# ഭാഷാപഠനം

## ആമുഖം

മാതൃഭാഷയുടെ മധുരം നുകർന്നു-കൊണ്ടാണ് നമുക്കു ചുറ്റുമുള്ള ലോകത്തെക്കുറിച്ച് ഓരോ കുട്ടിയും അവന്റേതായ സ്ഥാനം ഉറപ്പിക്കുന്നത്.

അറിവിന്റെ അനന്തമായ വിഹായസ്സി-ലേക്ക് പറക്കാൻ തയ്യാറെടുക്കുന്ന കുട്ടികൾക്ക് വായനയും എഴുത്തും അനായാസമാക്കി കൊടുക്കേണ്ടതുണ്ട്. ആസ്വാദ്യ വായനയും എഴുത്തും ഭാരമല്ലാത്ത രീതിയിൽ ആർജിക്കുവാനുള്ള അവസരങ്ങൾ ഉണ്ടാകേണ്ട-തുണ്ട്. ഇതിന് വേണ്ടിയുള്ള പഠനപ്രവർത്തനങ്ങൾ വൈവിധ്യരീതികളിലൂടെയും അക്ഷരങ്ങളിലൂടെയും നാടകങ്ങളിലൂടെ അനി-വാര്യമാണ്.

ഭാഷയെ സൂക്ഷ്മമായി നോക്കുമ്പോൾ വർണ്ണങ്ങൾ ചേർന്നതാകണം.... വർണ്ണ-ങ്ങൾ അക്ഷരങ്ങളായും അക്ഷരങ്ങൾ വാക്യ-ങ്ങളായും ഉചിതമായി സമ്മേളിക്കുമ്പോൾ അക്ഷരങ്ങളുടെ പ്രകാശം ഉണ്ടാകുന്നു.... അക്ഷരങ്ങളുടെ പ്രകാശം തേടുന്ന കുട്ടിക്ക് അതിനകത്തെ വർണ്ണ പ്രപഞ്ചത്തെക്കുറിച്ച് നല്ല ധാരണ ഉണ്ടാവണം. അതിനു വേണ്ടിയുള്ള എളിയ ശ്രമമാണ് ഞങ്ങൾ ഒരുക്കുന്നത്...!


## വായന.

കുട്ടികളിൽ വായന വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ:

* മാന്ത്രിക കാർഡ്:

വിവിധ നിറത്തിലുള്ള അക്ഷര കാർഡുകൾ നിർമ്മിക്കുന്നു. അവയിൽ ഒരേ നിറമുള്ള കാർഡുകൾ ചേർത്ത് വ്യക്തിഗതമായി കുട്ടികൾ വായിക്കുന്നു.

ഉദാ:-




. മരം നട്ടു
. അമ്മ വന്നു.

(ഇത്തരത്തിൽ അനേകം വാക്കുകൾ കുട്ടികൾക്ക് നൽകുന്നു. വ്യക്തിഗതമായി കുട്ടി ഇവയെ തന്നെത്താൻ വായിക്കുന്നു.

* താരയുടെ പുസ്തകം. (ചിത്ര വായന)

ചിത്ര നിരീക്ഷണത്തിലൂടെ കുട്ടികൾ വാക്കുകൾ വായിച്ചെടുക്കുന്നു.

ഒരു  (അണ്ണാന്റെ ചിത്രം) പഴയ മാവിന്റെ മുകളിൽ ഒരു  (കൂട്) ഒരുക്കി. ചകിരി നാരുകളും പഞ്ഞിക്കെട്ടുകളും ചേർത്ത് മനോഹരമായ ഒരു . ധാരാളം  കൾ ഉള്ള  ആയതിനാൽ

 ന്  തിന്നാൽ ഒളിക്കാനും പോ-കേണ്ടതില്ല........

• ഇത്തരത്തിൽ ചിത്രവായനയ്ക്ക് യോജി-ച്ച തരത്തിലുള്ള കഥകൾ, വാക്യങ്ങൾ തുട-ങ്ങിയവ നൽകി കുട്ടികളെ വായനയിലേക്ക് നയിക്കുന്നു.

* ചേരുംപടി ചേർക്കാമോ...?



പൂവ്



കുടം



തോണി



ഇല



തെങ്ങ്



കാർ



മരം.

ചിത്രം സൂക്ഷ്മമായി നിരീക്ഷിച്ച് ചിത്ര്

മായി കൊടുത്തിരിക്കുന്ന വാക്കുകളെ ശരി-യായ വിധത്തിൽ ചേർത്ത് കുട്ടികൾ വായിക്കു-ന്നു.

* അക്ഷരമരം.

സ്കൂൾ മുറ്റത്തെ മരത്തിൽ അക്ഷര-കാർഡുകൾ എഴുതി തൂക്കിയിടുന്നു. അക്ഷര-മരത്തിൽ നിന്നും കൂടുതൽ വാക്കുകൾ കണ്ടെ-ത്തി വായിക്കുന്ന കുട്ടിയ്ക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു.

* ചിഹ്നവായന.

ചിഹ്നങ്ങൾ ഒഴിവാക്കിക്കൊണ്ട് വാക്കുകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

ഉദാ: വ_ത_ൽ → (വാതിൽ)
ത_റ_വ് → (താറാവ്)
മ_മ്പ_ഴ_ → (മാമ്പഴം)
ഭ_ര_ത_ → (ഭാരതം) etc.

വാക്കുകളിൽ നിന്നും വിട്ടുപോയ അക്ഷര ചിഹ്നങ്ങളും കുട്ടികൾ സ്വയം കണ്ടെത്തുന്നു. ചിഹ്നങ്ങൾ ചേർത്തു വായിക്കാൻ അക്ഷര-ത്തിലുള്ള കൂടുതൽ പ്രവർത്തനങ്ങൾ കുട്ടി-കൾക്ക് നൽകുന്നു.

* വായനാകാർഡ്.

എല്ലാം കുട്ടികൾക്കും വായനാകാർ-ഡ് വിതരണം ചെയ്യുന്നു. വായിച്ചു ആശയം ഗ്രഹിച്ചു എന്നു മനസ്സിലാക്കുന്നതിനായി വായനാ-കാർഡുമായി ബന്ധപ്പെടുത്തി ~~കാർഡുകൾ~~ ചോദ്യങ്ങ-

ൻ ചോദിക്കുന്നു.

* പത്രവായന.

കുട്ടികളെ വ്യത്യസ്ത പത്രങ്ങളുടെ പേരുകൾ നൽകി വിവിധ ഗ്രൂപ്പുകളാക്കി തിരിക്കുന്നു. ഓരോ ഗ്രൂപ്പുകാരും ദിവസേനയുള്ള വാർത്തകൾ ശേഖരിച്ച് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. പത്രത്തിലെ പ്രധാനപ്പെട്ട ഒരു വാർത്ത വിഷയമാക്കിക്കൊണ്ട് ആഴ്ചയിൽ ഒരിക്കൽ മുഴുവൻ കുട്ടികൾക്കും അവസരം നൽകിക്കൊണ്ട് ചർച്ച സംഘടിപ്പിക്കുന്നു.

* 'എനിക്കൊരു പുസ്തകം'.

ക്ലാസ്സ് തലത്തിൽ വായനാ കോർണറുകൾ സജീവമാക്കുന്നു. വിദ്യാലയത്തിലെ മുഴുവൻ കുട്ടികൾക്കും വായിക്കാനുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുന്നു. വായിച്ച പുസ്തകത്തിന്റെ കുറിപ്പുകൾ ദിവസേനയുള്ള അസംബ്ലിയിൽ ഓരോ കുട്ടി വീതം അവതരിപ്പിക്കുന്നു.

. കുട്ടികളുടെ Birthday ആഘോഷിക്കുന്നതിന്റെ ഭാഗമായി Birthday ദിവസം കുട്ടി മിഠായികൾക്ക് പകരമായി വായനാകോർണറിലേക്ക് ഒരു പുസ്തകം നൽകുന്നു.

* പദ്യങ്ങൾ / പാട്ടുകൾ.

സ്കൂൾ സാഹിത്യ സമാജത്തിൽ അതത് ക്ലാസ്സിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടുവരുന്ന പദ്യങ്ങൾ / കവിതാശകലങ്ങൾ/പാട്ടുകൾ എന്നിവ പാടാനും പൊതു

വേദികളിൽ അവതരിപ്പിക്കാനും അവസരം നൽകുന്നു.

## * കഥയരങ്ങ്

സാഹിത്യ സമാജത്തിൽ ബാലസാഹിത്യ പുസ്തകങ്ങളിലെ ചെറുകഥകൾ അവതരിപ്പിക്കുന്നു. മറ്റു കുട്ടികൾക്കും വായിക്കാൻ താല്പര്യമുളവാക്കും വിധം കൃതിയെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുന്നു.

## * തിരനോട്ടം


വായിച്ച പുസ്തകങ്ങളിലെ പ്രസക്ത ഭാഗങ്ങളെക്കുറിച്ച് വാരാന്ത്യത്തിൽ ഒരു ചർച്ച/ സംവാദം സംഘടിപ്പിക്കുന്നു.

# ലേഖനം

കുട്ടികളിൽ ലേഖനം വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.

* **അക്ഷരമാല.** (പ്രവേശനോത്സവ പ്രവർത്തനം).

വിദ്യാലയത്തിലേക്ക് പുതുതായി വന്ന മുഴുവൻ കുട്ടികൾക്കും അക്ഷരങ്ങൾ കൊണ്ടുകോർത്തെടുത്ത മാലകൾ നൽകുന്നു. അതിലെ അക്ഷരങ്ങൾ ചേർത്ത് പരമാവധി വാക്കുകൾ ഉണ്ടാക്കാൻ അവസരം നൽകുന്നു.






ഉദാ: പറവ, വല, വര, കട, മല, പറ, പന, പത, കമല, തല, തറ, മറ, മട, വട etc.

* **ഓണപ്പൂക്കളം**

അക്ഷരങ്ങൾ ഉപയോഗിച്ച് ഒരു പൂക്കള

നിർമ്മിക്കുന്നു.





ഇത്തരത്തിൽ നിരവധി അക്ഷരങ്ങൾ ഉപയോഗിച്ച് ആ പൂക്കളത്തിലെ വാക്കുകൾ കുട്ടികൾ സ്വയം കണ്ടെത്തി എഴുതുന്നു.


* **Pre-test** :-

പ്രവർത്തനങ്ങൾ ചെയ്യുന്നതിന്റെ മുന്നോടിയായി പിന്നോക്കക്കാരെ കണ്ടെത്തുന്നതിനുവേണ്ടി പ്രീ-ടെസ്റ്റ് സംഘടിപ്പിക്കുന്നു. അവരെ പ്രത്യേകമായി പരിഗണിക്കുന്നു.

* **അക്ഷരമാവ്**

അമ്മുവും കൂട്ടുകാരും ജൂൺ 5ന് മാവിന്റെ ചുവട്ടിൽ കളിക്കാനെത്തി. ഹായ് മാവിൽ നിറയെ അക്ഷരങ്ങൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. അവർ ഓരോ അക്ഷരവും ഉപയോഗിച്ച് വാക്കുകൾ നിർമ്മിച്ച് കളിക്കാൻ തുടങ്ങി. അമ്മുവിനോടും കൂട്ടു-

കുരെച്ചും സഹായിക്കാമോ..?



ഏറ്റവും കൂടുതൽ വാക്കുകൾ കണ്ടെത്തി എഴുതുന്ന കുട്ടികൾക്ക് അസംബ്ലിയിൽ വച്ചു പ്രോത്സാഹന സമ്മാനം നൽകുന്നു.

* പോസ്റ്റർ

പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ രചന സംഘടിപ്പിക്കുന്നു.

* വൃക്ഷങ്ങൾക്ക് പേരുനൽകൽ

വിദ്യാലയ പരിസരത്തെ വൃക്ഷങ്ങൾ/ മരങ്ങൾ/ ചെടികൾ തുടങ്ങിയവയുടെ പേരുകൾ കുട്ടികൾ കണ്ടെത്തുന്നു. അതാത് മരത്തിന് ചേർന്ന പേരുകൾ കുട്ടികൾ സ്വയം എഴുതി ഒട്ടിക്കുന്നു.

* കടലിനെ അറിയാം.

സമുദ്ര ദിനത്തിന്റെ ഭാഗമായി (ജൂൺ 8) ICT സാദ്ധ്യത ഉപയോഗിച്ച്

സമുദ്രവുമായി ബന്ധപ്പെടുത്തി ചിത്രങ്ങൾ/ വീഡിയോ തുടങ്ങിയവ കാണിക്കുന്നു. ചിത്രം നിരീക്ഷിച്ച് അതുമായി ബന്ധപ്പെട്ട വാക്കുകൾ / കുറിപ്പുകൾ തുടങ്ങിയവ തയ്യാറാക്കി അവതരിപ്പിക്കുന്നു.

## * വായനാവാരം

. പുസ്തക വിതരണം നടത്തുന്നു.

. വായനാക്കുറിപ്പ് ഓരോ ദിവസവും അസംബ്ലിയിൽ അവതരിപ്പിക്കുന്നു.

. ഓരോ ദിവസവും കുട്ടികളിലെ വായനയെ ഉയർത്തുന്ന തരത്തിലുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികളെത്തന്നെ ചുമതലപ്പെടുത്തുന്നു.

## * ലഹരി വിരുദ്ധ ദിനാചരണം

· ലഹരി വിരുദ്ധ പോസ്റ്റർ നിർമാണം.

· സ്റ്റിക്കർ നിർമ്മാണം.

· ലഹരി വിരുദ്ധ സന്ദേശങ്ങൾ രചനാ മത്സരം

· ലഹരിയുടെ ദൂഷ്യവശങ്ങൾ കാണിച്ചുകൊണ്ടുള്ള മാസിക/ പതിപ്പ് നിർമ്മാണം.

സമൂഹവുമായി ബന്ധപ്പെടുത്തി ചിത്രങ്ങൾ/ വീഡിയോ തുടങ്ങിയവ കാണിക്കുന്നു. ചിത്രം നിരീക്ഷിച്ച് അതുമായി ബന്ധപ്പെട്ട വാക്കുകൾ / കുറിപ്പുകൾ തുടങ്ങിയവ തയ്യാറാക്കി അവതരിപ്പിക്കുന്നു.

* വായനാവാരം

- പുസ്തക വിതരണം നടത്തുന്നു.
- വായനാക്കുറിപ്പ് ഓരോ ദിവസവും അസംബ്ലിയിൽ അവതരിപ്പിക്കുന്നു.
- ഓരോ ദിവസവും കുട്ടികളിലെ വായനയെ ഉയർത്തുന്ന തരത്തിലുള്ള പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികളെത്തന്നെ ചുമതലപ്പെടുത്തുന്നു.

* ലഹരി വിരുദ്ധ ദിനാചരണം

- ലഹരി വിരുദ്ധ പോസ്റ്റർ നിർമ്മാണം.
- പ്ലക്കാർഡ് നിർമ്മാണം.
- ലഹരി വിരുദ്ധ സന്ദേശങ്ങൾ രചനാ മത്സരം
- ലഹരിയുടെ ദൂഷ്യവശങ്ങൾ കാണിച്ചുകൊണ്ടുള്ള മാസിക/ പതിപ്പ് നിർമ്മാണം.

* **വനമഹോത്സവം** (July 1 - വനമഹോത്സവ ദിനം)

വിവിധ വൃക്ഷങ്ങളുടെ/ തൈകളുടെ പേരുകൾ നൽകുന്നു. അവയെ കുട്ടികൾ തരം തിരിയ്ക്കുന്നു.

ചെമ്പകം | മാവ് | പ്ലാവ് | പേരാൽ | അത്തി | ഞാവൽ | തേക്ക് etc..

ഇത്തരത്തിൽ നിരവധി വൃക്ഷങ്ങളെ കുട്ടികൾ ഔഷധ സസ്യങ്ങൾ/ ഭക്ഷണത്തിനുപയോഗിയ്ക്കുന്ന സസ്യങ്ങൾ/ നിർമ്മാണത്തിനുപയോഗിയ്ക്കുന്ന സസ്യങ്ങൾ/ ഉത്സവത്തിന് വേണ്ടി ഉപയോഗിയ്ക്കുന്നവ/ താങ്ങുവേര് സസ്യം/ തായ് വേര് സസ്യം/ കുറ്റിച്ചെടി... etc. എന്നീ രീതിയിൽ തരം തിരിയ്ക്കുന്നു.

* **ഓർമ്മകളിൽ ബഷീർ**

ബഷീർ ചരമദിനാചരണത്തിന്റെ ഭാഗമായി ക്ലാസ് അടിസ്ഥാനത്തിൽ ബഷീർ കൃതികൾ/ കഥാപാത്രങ്ങൾ തുടങ്ങിയവ കണ്ടെത്തി പതിപ്പ് തയ്യാറാക്കുന്നു.

. ബഷീർ വായനാക്കുറിപ്പ്.

. നാടകീകരണം.

· തിരക്കഥാ രചന.

· പ്രസംഗ രചന.

* <u>ചന്ദ്രനെത്തേടി</u> (July 13)

· ചാന്ദ്രദിന ക്വിസ് മത്സരം

· ചാന്ദ്രദിന പതിപ്പ് നിർമ്മാണം.

· ചന്ദ്രനെക്കുറിച്ച് കവിത/കടങ്കഥ/ പഴഞ്ചൊല്ല്/കഥകൾ തുടങ്ങിയവ- രചന - ശേഖരണം.

* പ്രകൃതി സംരക്ഷണ ദിനപോസ്റ്റർ

* <u>ഹിരോഷിമ നാഗസാക്കി</u>

· സഡാക്കോ നിർമ്മാണം

· യുദ്ധവിരുദ്ധ പോസ്റ്റർ.

· പതിപ്പ് നിർമ്മാണം.

· യുദ്ധവിരുദ്ധ സന്ദേശമുൾക്കൊ- ണ്ട് കാർഡുകൾ തയ്യാറാക്കി പരസ്പരം കുട്ടികൾ കൈമാറുന്നു.

* <u>ക്വിറ്റ് ഇന്ത്യാദിനം</u>

· ക്വിറ്റ് ഇന്ത്യയുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

· ക്വിറ്റ് ഇന്ത്യ സമര ചരിത്രം.

* <u>സ്വാതന്ത്ര്യ ദിനാഘോഷം.</u>

· മുദ്രാവാക്യ രചനാ മത്സരം

· സ്വാതന്ത്ര്യദിന പതിപ്പ് ക്ലാസടി-സ്ഥാനത്തിൽ തയ്യാറാക്കി പ്രദർശിപ്പിക്കു-ന്നു.

· സ്വാതന്ത്ര്യദിന ക്വിസ് മത്സരം.

* <u>കർഷകദിനം ഓണവും</u>

· കാർഷിക ദിന പതിപ്പ്.

· കൃഷിയിടങ്ങൾ സന്ദർശിക്കുക-യും അതിനെ സംബന്ധിച്ചുള്ള റിപ്പോ-ർട്ട് തയ്യാറാക്കുകയും ചെയ്യുന്നു.

· കൃഷിച്ചൊല്ലുകൾ കണ്ടെത്തിയെഴു-തുന്നു.

· ഓണവും കൃഷിയുമായി ബന്ധപ്പെ-ട്ടുള്ള വിവരണം തയ്യാറാക്കുന്നു.

· ഓണപ്പാട്ട് രചനാമത്സരം.

· ആശംസാ കാർഡ് നിർമ്മാണം.

· ഓണക്കളികൾ – കുറിപ്പ്.

· ഓണവുമായി ബന്ധപ്പെട്ട പാട്ടുകൾ/ഐ-തിഹ്യ കഥകൾ : പതിപ്പ്.

* ഗാന്ധിജയന്തി :

· പതിപ്പ് നിർമ്മാണം.

· മുദ്രാവാക്യ രചനാമത്സരം.

· ഗാന്ധിവചനങ്ങൾ ശേഖരണം.

· ചരിത്ര സ്മാരകങ്ങളെക്കുറിച്ചുള്ള കുറിപ്പ്.

· ഗാന്ധി സമയരേഖ നിർമ്മാണം.

* ഐക്യരാഷ്ട്രദിനം.

ഐക്യരാഷ്ട്ര സഭയിലെ അംഗങ്ങളായ രാജ്യങ്ങളുടെ പേരുകൾ, തലസ്ഥാനം, പ്രധാന നഗരങ്ങൾ എന്നിവ കണ്ടെത്തുന്നു.

* ഓണാഘോഷം.

. കേരളം – പതിപ്പ്.
. കേരളം – കവിതാരചനാമത്സരം.
. ഭൂപട നിർമ്മാണം.
. ക്വിസ്.

* ശാസ്ത്രദിനം

. ശാസ്ത്രവുമായി ബന്ധപ്പെട്ട പതിപ്പ്.
. ശാസ്ത്ര ക്വിസ്.
. ICT യുടെ ഉപയോഗത്തോടെ ശാസ്ത്രവുമായി ബന്ധപ്പെട്ട കുറിപ്പുകൾ, ചിത്രങ്ങൾ കണ്ടുപിടുത്തങ്ങൾ തുടങ്ങിയവ പരിചയപ്പെടുന്നു.

* ശിശുദിന മുദ്രാവാക്യ രചനാമത്സരം.

* മണ്ണ് [illegible].

. മണ്ണിൽ കാണുന്ന ജീവികൾ പട്ടികപ്പെടുത്തൽ
. മണ്ണുകൊണ്ട് നിർമ്മിക്കുന്ന വസ്തുക്കൾ പട്ടികപ്പെടുത്തൽ.
. വിവിധ മണ്ണുകൾ ശേഖരിച്ച് ആൽബം നിർമ്മാണം.

ഭാവവും ചലനാത്മകവും.

* നിഘണ്ടുവിന്റെ പ്രാധാന്യം / പതിപ്പ് രചന.
* ഓണ ഭക്ഷണപ്പട്ടിക പരിചയപ്പെടൽ.
  - ഭക്ഷണപ്പട്ടിക – കുറിപ്പ്.
* ആശാൻ കവിതകളിലൂടെ....

കുറി:
· ആശാൻ ചരമദിനവുമായി ബന്ധപ്പെട്ട്–
കൃതികൾ ശേഖരണം.
· ആശാൻ ജീവചരിത്ര പരിചയം.
· വായന കുറിപ്പ് മത്സരം.


* അമ്മ മലയാളം

. ICT – മലയാളം പുതിയ ലിപികളും പഴയ ലിപികളും പരിചയപ്പെടുന്നു.

· മണലെഴുത്ത് പരിശീലിക്കുന്നു

* ജലം ജീവാമൃതം

ജലവുമായി (സൂക്തങ്ങൾ) ബന്ധപ്പെട്ട പോസ്റ്റർ രചന




· മുദ്രാവാക്യരചന.

* ഞാനാര്...?

. താ_ര (താമര)

. മഴ ___യ്_ (മഴപെയ്തു)

- പു – നി – ത്തു (പുന്നാരത്തു)
- ക – പ – ത്തു (കാലപാരത്തു)
- അ – വി – റി (അവാമിചാരിതറി)

ഇത്തരത്തിൽ ക്രാസ്സിസ്ഥാനത്തിൽ നിരവധി വാക്കുകൾ നൽകണം. കുട്ടികൾ വ്യക്തിഗതമായി വാക്കുകൾ കണ്ടെത്തി എഴുതുന്നു.

# ഗണിതം

## ആമുഖം.

പ്രാഥമിക തലത്തിൽ ചുറ്റുപാടുകളിൽ നിന്നും അനുഭവങ്ങളിലൂടെയും ഗണിതാശയങ്ങൾ നേടിയെടുക്കുമ്പോഴാണ് ഗണിത പഠനം ലളിതമാവുന്നത്. കുട്ടികൾ ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെയുമാണ് ഗണിത പഠനം നടക്കുന്നത്. ഗണിത കഥകളിലൂടെയും, പാട്ടുകളിലൂടെയും ആശയങ്ങൾ താൽപര്യത്തോടെ മനസിലാക്കുന്നു.

ഗണിത പസിലുകൾ, സംഖ്യാകാർഡ്, പാറ്റേണുകൾ, രൂപങ്ങൾ എന്നിവയുടെ നിർമാണത്തിലൂടെ ഗണിതശേഷികൾ കുട്ടികളിൽ എത്തുന്നു. എണ്ണൽ സംഖ്യകളിലൂടെ അക്കങ്ങൾ പരിചയപ്പെടുകയും സ്ഥാനവില, സംഖ്യാവിശകലനം സംഖ്യാവ്യാഖ്യാനം വസ്തു ചതുഷ്ക്രിയകൾ, വിവിധ അളവുകൾ, ഭാരം, ദൂരം, നീളം, ഉള്ളളവ് വലുത്, ചെറുത് തുടങ്ങി ഗണിതത്തിന്റെ പ്രാഥമിക ശേഷികൾ നേടുന്നതിനും കഴിയുന്നു.

ആധുനിക കാലഘട്ടത്തിൽ പഠിതാക്കൾക്ക് ലളിതമായി ഗണിതാവബോധം സൃഷ്ടിക്കുന്നതിന് ICT സാധ്യത അത്യാവശ്യമാണ്. മുഴുവൻ കുട്ടികൾക്കും ഗണിതശേഷി ആർജ്ജിക്കാവുന്ന തരത്തിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇതിനായി പ്രീടെസ്റ്റുകൾ, പോസ്റ്റ് ടെസ്റ്റുകൾ പരിഹാര തന്ത്രങ്ങൾ, എന്നിവയുടെ മൊഡ്യൂളുകൾ നിർമ്മിച്ച് പ്രവർത്തനം നടത്തുന്നു.

# ഗണിത പ്രവർത്തനങ്ങൾ

## സംഖ്യാനം

ഒരോ കുട്ടിയും ബോൾ കളിയിൽ പങ്കെടുത്തു. ശേഷം ഒരോ കുട്ടിക്കും കിട്ടിയ പോയിന്റ് സംഖ്യാനാമാക്കി എഴുതുന്നു.


## ഗണിതകേളികൾ

വ്യത്യസ്തങ്ങളായ ഗണിതകളികളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. ഉദാ:- ലൂഡോ, ഡോമിനോകളി കളിക്കുമ്പോൾ ഇത്തരം കളിയിൽ പങ്കെടുക്കുന്നു. ഇതിലൂടെ എണ്ണൽ സംഖ്യകളെക്കുറിച്ച് അവബോധം വളർത്തുന്നു. ഗണിത രൂപങ്ങളെക്കുറിച്ച് ധാരണ

കൈവരിക്കുന്നതിനും കുട്ടികൾക്ക് സാധിക്കുന്നു.


## സംഖ്യാപൂവ്

ചതുഷ്ക്രിയകളെ കുറിച്ച് ധാരണനേടുന്നതിനായി കുട്ടികൾ സംഖ്യാപൂവ് തയ്യാറാക്കി ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.




## കളിനോട്ടുകൾ

കുട്ടികൾ തന്നെ വിവിധ വസ്തുക്കൾ ക്ലാസിൽ കൊണ്ട് വന്ന് ചെറിയരീതിയിൽ കച്ചവടം തുടങ്ങുന്നു കുട്ടികൾ കളിനോട്ടുകൾ ഉപയോഗിച്ച് സാധനങ്ങൾ വാങ്ങുന്നു. ഇത്തരം പ്രവർത്തനത്തിലൂടെ ദൈനംദിന ജീവിതത്തിലെ പണമിടപാടിനെക്കുറിച്ച് ധാരണ കൈവരിക്കുന്നു.

 യും  യും

നടുവിലെ ചതുരത്തിലെ സംഖ്യ-
ള്ള പരസ്പരം കൂട്ടിക്കൊണ്ട് 200-ൽ നിന്ന്
5 സംഖ്യകൾ കുറയ്ക്കുന്നു. ലഭിച്ച ഉത്തരങ്ങൾ ചുറ്റു
മുള്ള കളങ്ങളിൽ രേഖപ്പെടുത്തുന്നു. ശേഷം ഇരു
കള്ള ബാക്കിയാവും അതാണ് മന്ത്രിയൻ എലിക്ക്
രക്ഷപ്പെടാനുള്ള മാർഗ്ഗം. ചതുഷ്ക്രിയയെ കുറിച്ച് ധാരണ
ഉണ്ടാവുന്നു. * രൂപങ്ങൾ ചേരുമ്പോൾ
ICT സാധ്യത ഉപയോഗിച്ച് ഗണിത രൂപങ്ങൾ
നിർമിക്കുകയും നിറം നൽകുകയും ചെയ്യുന്ന പല
വലിപ്പത്തിൽ സ്ലൈഡ് ഷോ ആയി ദർശിപ്പി-
ക്കുന്നു



## C : സംഖ്യാകാർഡ്

പുതുതായി വന്ന കുട്ടികളുടെ എണ്ണം കണ്ടെത്തി സംഖ്യാകാർഡ് രൂപീകരിച്ച് ക്ലാസിൽ പ്രദർശിപ്പിക്കുന്നു

45

4 8

58

40 5 29


24 30

ഒരു തൈ നടാം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തൈകളുടെ എണ്ണം കണ്ടെത്തി ഓരോകുട്ടിക്കും ലഭിച്ച തൈ നട്ടതിന് ശേഷം വർക്ക് ഷീറ്റിൽ അതിന്റെ രേഖപ്പെടുത്തുന്നു.


പുസ്തകോത്സവം

വായനാദിനത്തിന്റെ ഭാഗമായി വിതരണം ചെയ്ത പുസ്തകങ്ങളുടെ വിലയും എണ്ണവും കണ്ടെത്തി അക്ഷരത്തിലും അക്കത്തിലും എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുന്നു.




## സമ്പാദ്യം / പണപ്പെട്ടി നിർമ്മാണം


കുട്ടികൾ ഒഴിഞ്ഞ ടിന്നുകളോ ചോക്ക് പെട്ടി അതാതിലുള്ള വസ്തുക്കൾ ഉപയോഗിച്ച് 'പണ പെട്ടി നിർമ്മിക്കുന്നു. കുട്ടികൾക്ക് ലഭിക്കുന്ന നാണയങ്ങൾ അതിൽ നിക്ഷേപിക്കുന്നു പിന്നീട് അധ്യാപകരുടെ സഹായത്തോടു കൂടി കുട്ടികൾ എണ്ണിതിട്ടപ്പെടുത്തുന്നു. ഇതിലൂടെ സമ്പാദ്യശീലം വളരുന്ന സംഖ്യാബോധത്തെക്കുറിച്ച് ധാരണ കൈവരിക്കുന്നു.



## അബാക്കസ് നിർമ്മാണം.

കുട്ടികൾ ഗ്രൂപ്പായി ചേർന്ന് അബാക്കസ് നിർമ്മിക്കുന്നു. വാഴത്തട, തെർമോക്കോൾ, മുത്തും ഗ്ലാസ്പേപ്പർ എന്നിവ നിർമ്മാണത്തിന് ഉപയോഗിക്കാം.






## സംഖ്യാപൂക്കൾ

അടുത്തടുത്ത സംഖ്യകൾ കണ്ടെത്തി എഴുതുന്നതിനുള്ള പ്രവർത്തനം

മുന്നിലേത്, പിന്നിലേത്, ഇടയിലേത് എന്നിവയെ കുറിച്ച് ധാരണ കൈവരിക്കുന്നതി-നുള്ള പ്രവർത്തനം.




## തീപ്പെട്ടികൾ


വരിയായും നിരയായും തീപ്പെട്ടി അടുക്കിവച്ച് എണ്ണി തിട്ടപ്പെടുത്തുന്നു.

എണ്ണൽ സംഖ്യകളെ കുറിച്ച് ധാരണ നേടുന്ന-തിന്.

## നിറം നൽകാം


ജ്യാമിതീയ രൂപങ്ങൾ നിർമിച്ച് നിറം നൽകി ക്ലാസിൽ പ്രദർശിപ്പിക്കുന്നു ജ്യാമിതീയ രൂപങ്ങൾ എന്ന ആശയം കൈവരിക്കുന്നു

1\. റോബോട്ടിന്റെ നിർമ്മിതിയിൽ ഏതൊക്കെ രൂപങ്ങൾ വരുന്ന വസ്തുക്കൾ ഒക്കെത്തി ഉപയോഗിച്ചിരിക്കുന്നു.



## രശീതി നിർമാണം

സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും എഴുതുന്നതിനുള്ള ധാരണ ലഭിക്കുന്നു. ഇത്തരം നിർമാണത്തിലൂടെ ആ സംഖ്യാബോധം വളരുന്നു.



## വലുതേത് ചെറുതേത്?

കുട്ടികളെ വരിയായി നിർത്തിയ ശേഷം നമ്പർ കൊടുക്കുന്നു. പിന്നീട് കുട്ടികളെ ഉയരത്തി-ച്ച് നിർത്തിയ ശേഷം വലുതിൽ നിന്ന് ചെറുതിലേക്കോ അല്ലെങ്കിൽ ചെറുതിൽ നിന്ന് വലുതിലേക്കോ നിർത്താൻ ആവശ്യപ്പെടുന്നു.

ഇതിലൂടെ ആരോഹണ അവരോഹണ ക്രമം ചെയ്യുന്നതിനുള്ള ശേഷി ലഭിക്കുന്നു.

## വലിയ സംഖ്യ

സംഖ്യകളുടെ സ്ഥാനവില ഉറപ്പിക്കുന്നതിന് ഇത് സഹായിക്കും. സംഖ്യകൾ എഴുതിയ

കൂട്ടുകാർ വരയ്ക്കുന്ന ഓരോ... കുട്ടികൾക്ക് പേപ്പർ നൽകുന്നു. ഇത് ഒരു ചെയ്തതിലായിരുന്നു തൈവാർ വിധ-റാറ് അതു നവവ്യക്തൾ കുട്ടികൾ ആസ്വദിച്ച് ചെയ്തിരുന്നു. കൂടി ആവർത്തിക്കുന്നു. ഏതാണ്ട് എടുത്താൽ ചേർന്ന് ലഭിച്ച കുട്ടി വിജയി. .

ചതുഷ്ക്രിയകളെ കുറിച്ച് ധാരണ നേടുന്നു.

എണ്ണം കണ്ടെത്തൽ

ജനസംഖ്യാ ദിനത്തോടനുബന്ധിച്ച് ഒരോ കുട്ടികളുടെ കുടുംബാംഗങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി അവതരിപ്പിക്കുന്നു. ജനസംഖ്യയെ കുറിച്ച് ധാരണ കൈവരിക്കുന്നു.

സഡാക്കോ പക്ഷി നിർമ്മാണം

ഹിരോഷിമ ദിനത്തോടനുബന്ധിച്ച് നിർമ്മിച്ച സഡാക്കോ പക്ഷികളുടെ എണ്ണം തിട്ടപ്പെടുത്തി അവതരിപ്പിക്കുന്നു. ഓരോ ഗ്രൂപ്പുകൾ നിർമ്മിച്ച പക്ഷികളുടെ എണ്ണം പട്ടികപ്പെടുത്തുന്നു. പിന്നീട് പൊതുവായി പ്രദർശിപ്പിക്കുന്നു.

പായസം തയ്യാറാക്കൽ

ആഗസ്റ്റ് 15 ദിനത്തോടനുബന്ധിച്ച് തയ്യാറാക്കുന്ന പായസത്തിന് ഉപയോഗിക്കുന്ന

ജന്തുക്കളുടെ ശബ്ദങ്ങൾ നൃത്ത വീഡിയോ എന്നിവ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നു.

ഓണപ്പൂക്കളം

ഓണപ്പൂക്കളം വ്യത്യസ്തരീതിയിൽ നിർമിക്കുന്നു അവ ഏതെല്ലാം രൂപങ്ങളാണെന്നും പിന്നീട് രൂപങ്ങളുടെ പേരും കണ്ടെത്തുന്നു. പിന്നീട് പൂക്കളുടെ നിറങ്ങളുടെ പേരും പട്ടികപ്പെടുത്തുന്നു.

കളിയും ചിരിയും

കായിക ദിനത്തോടനുബന്ധിച്ച് സ്കൂളിൽ സംഘടിപ്പിച്ച മത്സരങ്ങളുടെ പേരും അതിൽ പങ്കെടുത്ത കുട്ടികളുടെ പേരും കണ്ടെത്തുന്നു പിന്നീട് കളികാണാനായി ടിക്കറ്റ് തയ്യാറാക്കി വിതരണം ചെയ്യുന്നു.

എന്റെ കേരളം

കേരള പിറവിയോടനുബന്ധിച്ച് ജില്ലകളുടെ പേരും കണ്ടെത്തി പട്ടികപ്പെടുത്തുന്നു. പിന്നീട് കേരളത്തിന്റെ ചിത്രം വരച്ച് പതിപ്പ് തയ്യാറാക്കുന്നു.

റാലി നടത്തൽ

ശിശുദിനത്തോടനുബന്ധിച്ച് റാലിയിൽ പങ്കെടുത്ത കുട്ടികളുടെ പേരും കണ്ടെത്തുന്നു. തൊപ്പിയിട്ടവരുടെ പേരും, കൊടിപിടിച്ചവരുടെ പേരും എന്നിവ കണ്ടെത്തി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു.

ഇനങ്ങളുടെ എണ്ണവും തൂക്കം വില എന്നിവ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്നു.

ഓണപ്പൂക്കളം

ഓണപ്പൂക്കളം വൃത്താകൃതിയിൽ നിർമിക്കുന്നു അവ എല്ലാം രൂപങ്ങളാണെന്നും പിന്നീട് രൂപങ്ങളുടെ എണ്ണം കണ്ടെത്തുന്നു. പിന്നീട് പൂക്കളുടെ നിറങ്ങളുടെ എണ്ണം പട്ടികപ്പെടുത്തുന്നു.

കളിയും ചിരിയും

കർഷക ദിനത്തോടനുബന്ധിച്ച് സ്കൂളിൽ സംഘടിപ്പിച്ച മത്സര ഇനങ്ങളുടെ എണ്ണം അതിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം കണ്ടെത്തുന്നു പിന്നീട് കളിക്കാനായ് ടിക്കറ്റ് തയ്യാറാക്കി വിതരണം ചെയ്യുന്നു.

എന്റെ കേരളം


കേരള പിറവിയോടനുബന്ധിച്ച് ജില്ലകളുടെ എണ്ണം കണ്ടെത്തി പട്ടികപ്പെടുത്തുന്നു പിന്നീട് കേരളത്തിന്റെ ചിത്രം വരച്ച് പതിപ്പ് തയ്യാറാക്കുന്നു.

റാലി നടത്തൽ

ശിശുദിനത്തോടനുബന്ധിച്ച് റാലിയിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം കണ്ടെത്തുന്നു. തൊപ്പി വെച്ചവരുടെ എണ്ണം, കൊടി പിടിച്ചവരുടെ എണ്ണം എന്നിവ കണ്ടെത്തി ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നു.

## ഭിന്നകം തുല്യമാക്കാം

ക്രിസ്തുമസ് ദിനാഘോഷത്തോടനുബന്ധിച്ച് വാങ്ങിയ കേക്ക് മുറിച്ച് തുല്യമായി വീതംവെക്കുന്ന പ്രവർത്തനത്തിലൂടെ ഭിന്നസംഖ്യ എന്ന ആശയം കൈവരിക്കുന്നു.




1. ഓണം ദിനാഘോഷത്തോടനുബന്ധിച്ച് വിവിധ ഗണിത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.

ഗണിതലാബ്

→ ഗണിതപ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു.

→ ഗണിതകഥകൾ, ഗണിതപാട്ടുകൾ എന്നിവയുടെ പ്രദർശനം.

→ ഗണിതരൂപങ്ങൾ, മാതൃകകൾ

→ അളവുതൂക്കത്തിനുള്ള സാമഗ്രികൾ

→ ചിത്ര പദങ്ങൾ, ജ്യാമിതീയ രൂപങ്ങൾ

# ENGLISH

Reading

English is an International language. English is a global language. English is the language of diplomacy English is the widley spoken language. It is a Simple language. All books are transilated in to English. So by reading english books familiar to all litaratures in the world. It is a linqua-franca of different language. Especially in India the study of English has an important role. Because we are following the three language formula; Mothertongue, National language and English. To avoid flow of children to english medium school we realized the need for teaching english from Ist standard itself.

Activities to improve Reading English

* Picture reading

Teacher gives pictures about the school and its Surroundings. Teacher asks some questions both English and Malayalam. Questions are given below.

- Look at this picture
- What did you understand from this picture?
- What are they doing?

* Fruits.... Fruits.

Teacher distributes some fruit's pictures like orange, Apple, Grapes, Banana, Pappaya, Cherry, Gua etc. Then teacher asks identify the name of fruits.

* Sun and his friends

shows a vedio related to solar system (ICT) students are try to identifies the names of planets like earth, Saturn, Jupiter etc

* News Hour

Every day students are reading English news paper and selected one of the reader as better reader of the day

* Speech of the Day

In assembly students are Speech Something about a pirticular topic. Eg: Important days celebration, National leaders etc

* Word games

Word search.

| | | | | | |
|---|---|---|---|---|---|
| v | a | r | r | o | w |
| y | o | y | a | k | l |
| n | k | d | e | y | e |
| o | n | p | t | a | t |
| p | a | r | r | o | t |
| p | a | n | d | a | s |

Ans

arrow

Yak


eye

tap


Parrot

Panda.

* crossword




* word wheel



Reading exercises

Gives short passages to read and then have them circle all the words with vowel and consonant sounds

Read together

Teacher tries to echo reading and also repeats the lines, mimicking

* Conducts Reading with strong reader and weak reader.

* Tell it again.

Teacher retells ~~stor~~ story Poem etc

It improves reading in each children.

Get Artistic


Poems and Songs gives kids a chance to practise Fluency and learn new vocabulary. Words Poems and Songs work well for Repeated Readings Sings Kids often enjoy listening to and Reading them Several time.

## Writing

Picture description

Teacher gives a picture related to School and its Surroundings Teacher asks to list out the things from the Picture.

Cross word Puzzles.




HINTS

① A bird with green colour

③ A fruit with yellow colour. Its uses for making Juice, lime and pickle

②A Fruit with round and red.

① I am an Animal.

- I can jump.

* Letter writting.

shows model of letter and tries to improve for letter writing.

- Individual writing.

* Greeting Card.

* Poster making.

Find out the Correct word

P A L E P → (APPLE)

O G D → (GOD)

A P O R T R → (PARROT)

etc

News today

writes the important news in news board.

# ജൈവവൈവിധ്യം

ജൈവസംരക്ഷണം എന്നത് യാന്ത്രികമായി ചെയ്തുതീർക്കേണ്ട ഒന്നല്ല. നമ്മുടെ വീട്ടുമുറ്റത്തും, വിദ്യാലയ പരിസരത്തും, പാടശേഖരങ്ങളിലും, വേലിപ്പൊന്തകളിലും പൊതുസ്ഥലങ്ങളിലും നാം നട്ടുവളർത്താതെ നമ്മുടെ കണ്ണും കരളും പൊടിച്ച് അതിജീവിച്ചവയൊക്കെ വന്യവും മനോഹരവുമായ ജൈവവൈവിധ്യമാണ്. ഒരു വിദ്യാർഥിയെ സംബന്ധിച്ച് കെട്ടിക്കിടക്കുന്ന മഴവെള്ളത്തിൽ തുള്ളിയിട്ട് ചാടാൻ പോകുന്ന തവളകളും, കളകളായ് കാണുന്ന കുഞ്ഞു സസ്യങ്ങളും, തേനുണ്ണാനും കൂട്ടമിട്ടു വരുന്ന തുമ്പികളും പ്രകൃതിയുടെ സംഗീതവും സൗന്ദര്യവും പക്ഷികളുടെ കിളിനാദവും അവൻ അറിയുന്നത് അവന് ചുറ്റിലുമുള്ള ജൈവവൈവിധ്യത്തിൽ നിന്നാണ്. പണ്ടത്തെ നമ്മുടെ കുട്ടികൾ മണ്ണിൽ കളിച്ച് നടന്ന് വളർന്നിരുന്നു.

വേനലിൽ നാട്ടുമാവിൽ കയറി മാമ്പഴം രുചിച്ചറിഞ്ഞും മഴക്കാലത്ത് നാട്ടുകുളങ്ങളിൽ മുങ്ങാങ്കുഴിയിട്ടും കളിച്ച ഒരു ബാല്യം അവർക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് പ്രകൃതിയുടെ അനന്ത വൈചിത്ര്യങ്ങളെ അറിയാതെ പോകുന്ന ഒരു സമൂഹത്തെയാണ് നാം കാണുന്നത്.

## ഹരിത പരിസരം

സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ
കുട്ടികൾ അവരുടെ ജീവിതത്തിന്റെ വലി
യ ഒരു ഭാഗം വിദ്യാലയ പരിസരത്താണ് ചില
വഴിക്കുന്നത്. തങ്ങൾ ജീവിക്കുന്ന പരിസരം
പ്രകൃതിയുടെ പരിച്ഛേദത്തെ അവർക്കുൾ
ക്കൊള്ളാനായുള്ള അടിസ്ഥാന പരിസ്ഥിതി
വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ ഉപയോഗ
പ്പെടുത്താൻ ആവുന്നതാണ്. വിദ്യാലയ
പരിസരത്തെ സസ്യജന്തുജാലങ്ങളുമായി അ-
വർക്ക് പരിചയിക്കാനുള്ള അവസരം ഒരു
ക്കുന്നതിലൂടെ ആയിരിക്കും ഈ സാധ്യ
തകളെ പരിപൂർണ്ണതയിൽ എത്തിക്കുവാ
നാണ് വിദ്യാലയം ഹരിത പരിസരം ഒരു
ക്കേണ്ടത്.

പ്രകൃതിയോട് ഇണങ്ങിച്ചേരുന്ന ഒരു ബാല്യകാലം കുട്ടികൾക്ക് ലഭ്യമാകണമെങ്കിൽ വിദ്യാലയ പരിസരത്തെ പൊതുവായും അവിടുത്തെ തെരഞ്ഞെടുത്ത ഒരു തുണ്ടു ഭൂമിയെ ഹരിതപരിസരമായി ഒരുക്കേണ്ടത് അത്യാവശ്യമാണ്. മലനാട്, ഇടനാട്, തീരപ്രദേശം തുടങ്ങിയ ഭൂപ്രകൃതിയുടെ പ്രത്യേകതകളും പ്രാദേശിക സ്ഥലവൈവിധ്യവും പരിഗണിച്ചാവണം ഹരിത പരിസരം ഒരുക്കേണ്ടത്. ആവാസവ്യവസ്ഥയുടെ നാശം, വിഭവങ്ങളുടെ അമിത ചൂഷണം, അന്യദേശ ജനങ്ങളുടെ അധിനിവേശം, മലിനീകരണം, ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി നിരവധി കാരണങ്ങൾ ഹരിതപരിസരത്തിന് വൻ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനൊരു മാറ്റം എന്നപോലെ നമ്മുടെ വിദ്യാർത്ഥികളെ പരിസരവുമായി കൂടുതൽ ഇണക്കുന്നതിന് വിദ്യാലയ പ്രവർത്തനങ്ങൾ സഹായകമാണ്.

## പ്രവർത്തനങ്ങൾ

* ഔഷധീയ തോട്ട നിർമ്മാണം
* ജൈവവേലി നിർമ്മാണം
  (ചെമ്പരത്തി, മൈലാഞ്ചി, ആടലോടകം)
* കുളനിർമ്മാണം
* മുളങ്കാട് നിർമ്മാണം
* ഔഷധീയ ലോകത്തെ നാട്ടറിവുകൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ.
* പൂന്തോട്ട നിർമ്മാണം.

## ഭൗതിക സാഹചര്യം

ഗുണമേന്മ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിൽ വിദ്യാലയ അന്തരീക്ഷം സുഗമമാക്കുന്നതിനും ഭൗതിക സാഹചര്യം പ്രധാന പങ്കു വഹിക്കുന്നു. വിദ്യാലയത്തെ കാലാനുസൃതമായി പരിവർത്തനം ചെയ്യാൻ ഒരു വിദ്യാലയത്തിന് ചിട്ടയും കൃത്യതയും ഉള്ള ഭൗതിക സാഹചര്യ

ആവശ്യമാണ്. പാഠ്യപദ്ധതി വിനിമയ പരിപാടി
കളിൽ ഗവേഷണ സാധ്യതക്ക് ഊന്നൽ നൽ
കുന്നതിനാൽ വിദ്യാലയങ്ങളിൽ ലാബുകളും
വായനാമുറികളും ലൈബ്രറികളും വികസി
പ്പിച്ച് ആധുനിക രീതിയിലുള്ള ഭൗതിക
സാഹചര്യം ഒരുക്കേണ്ടത് അത്യാവശ്യമാണ്
സർവ്വ മേഖലകളിലും ഗുണമേന്മ നേടുവാൻ
പഠിതാക്കളെയും, സമർത്ഥ
അധ്യാപകരേയും. ബന്ധപ്പെടുത്തിക്കൊണ്ട് നിർണ്ണ
രേഖയും ഭൗതിക സാഹചര്യമാണ്.
നാത് വിദ്യാലയ

വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള
വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിൽ മികച്ച
രീതിയിലുള്ള ക്ലാസ് അന്തരീക്ഷവും പഠന
സാമഗ്രികളും ലഭ്യമാക്കേണ്ടതുണ്ട്. സമഗ്ര
മേഖലയിലൂടെ അറിവുകളെ ലഭ്യമാക്കുന്ന
തിന് ICT സാധ്യത ഉപയോഗപ്രദമാക്കുന്നു

## ലഹരി മുക്തം

ആധുനിക കാലഘട്ടത്തിൽ മനുഷ്യ രാശിയെ കാർന്നു തിന്നുന്ന മദ്യവും മയക്കുമരുന്നും പോലെയുള്ള വിപത്തുകൾ ഇന്ന് സ്കൂൾ കുട്ടികളെ പോലും അടിമപ്പെടുത്തി കഴിഞ്ഞിരിക്കുന്നു. ഒരു നാടിന്റെ ദുരന്തം എന്ന് പറയുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം കൊണ്ടാണ്.

ലഹരിയുടെ അമിത ഉപയോഗം കൊണ്ട് അനാരോഗ്യവും മാന്യതയും നഷ്ടപ്പെട്ട നാടിന്റെ സംസ്കാരികതയിൽ പുത്തനായെത്തുന്ന വിക്രിയകളായ് ഇന്നത്തെ മനുഷ്യജനത മാറിക്കഴിഞ്ഞു. അന്തരത്തിൽ പേടിപ്പിക്കുന്ന ഒരു സാഹചര്യം ഒഴിവാക്കാനായ് നമ്മുടെ വിദ്യാലയങ്ങളും നിർദ്ദേശവുമായി മുന്നേറുന്നു.

# പരിസരപഠനം

## ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം. ഒരു വ്യക്തിയിൽ ഉണ്ടാകുന്ന അനുഭവം അതേ സാഹചര്യത്തിൽ മറ്റുവ്യക്തികൾക്കും ഉണ്ടാകുന്നുവെങ്കിൽ അവ ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. കാഴ്ച, കേൾവി, രുചി, ഗന്ധം, സ്പർശം എന്നിവയിലൂടെയാണ് ചുറ്റുപാടുകൾ നമുക്ക് അനുഭവവേദ്യമാവുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രം. നിരീക്ഷണങ്ങൾ കൊണ്ട് തന്നെ ഊർജ്ജത്തെക്കുറിച്ചും പദാർത്ഥങ്ങളെക്കുറിച്ചും ജീവികളെക്കുറിച്ചുമൊക്കെ കൂടുതൽ വിവരശേഖരണം മാത്രമായി ശാസ്ത്രപഠനം ഒതുങ്ങരുത്.

പരിസരപഠനത്തിൽ ശാസ്ത്രപഠനവും സാമൂഹ്യശാസ്ത്രപഠനവും ഊടും പാവും പോലെ പരസ്പരബന്ധിതമാണ്. സാമൂഹികവും, ശാസ്ത്രീയവുമായ സമീപനത്തിൽ അധിഷ്ഠിതമായി ചുറ്റുപാടിനെ പുനർനിർമ്മിക്കാനും അതിനുള്ള കഴിവ് വികസിപ്പിക്കാനും ചെയ്തുകൊണ്ട് മാത്രമേ

മനുഷ്യന് മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ.
സാമൂഹിക ജീവിതത്തിൽ ഫലപ്രദമായി ഇടപെട്ടു
കൊണ്ടു മാത്രമേ മഹത്തായ നാളെയെ സൃഷ്ടി-
ക്കാൻ കഴിയുകയുള്ളൂ.

മനുഷ്യന്റെ നിരന്തര അന്വേഷണങ്ങ-
ളുടെ ഫലമായാണ് പ്രകൃതിയിലെ വിസ്മയങ്ങളും
അവയ്ക്ക് പിന്നിലെ ശാസ്ത്രവും കുട്ടിക്ക് അനാവൃത
മാണ്. ജീവലോകത്തെ വൈവിധ്യങ്ങളെപ്പോലെത്ത-
ന്നെ ഭൗതിക ലോകത്തെ കൗതുകങ്ങളിലേക്കു
കൂടി കുട്ടികളെ കൊണ്ടുപോകണം. നിരീക്ഷണ
പരീക്ഷണത്തിലൂടെയും, നിർമാണ പ്രവർത്തനങ്ങളി-
ലൂടെ ശാസ്ത്രപഠനത്തിന്റെ വലിയൊരു
ലോകത്തേക്ക് കുട്ടികളെ നയിക്കാൻ സാധിക്കുന്നു.

# പഠനപ്രവർത്തനങ്ങൾ

## * പരിസ്ഥിതിയും ഞാനും

പരിസ്ഥിതിദിനത്തിന്റെ ഭാഗമായി സ്കൂളിൽ വിതരണം ചെയ്ത വൃക്ഷത്തൈകൾ തരം തിരിക്കുന്നു.

- കുറ്റിച്ചെടികൾ
- വള്ളിച്ചെടികൾ
- ഔഷധ സസ്യങ്ങൾ
- വൻമരങ്ങൾ
- വിത്തിൽ നിന്നും ഉണ്ടാകുന്നവ
- വേരിൽ നിന്ന് ഉണ്ടാകുന്നവ
- കാണ്ഡത്തിൽ നിന്നും ഉണ്ടാകുന്നവ.

## * കടൽ പോലെ........

ലോക സമുദ്ര ദിനത്തിന്റെ ഭാഗമായി കുട്ടികൾക്ക് സമുദ്രത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, സമുദ്ര മലിനീകരണത്തിന്റെ വിപത്തിനെക്കുറിച്ചും ഒരു കാരണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള


ഒരു ICT പ്രവർത്തനം നടത്തുന്നു. ഒരു


വീഡിയോ ക്ലിപ്പ് സംഘടിപ്പിക്കുന്നു.

## ലഹരിമുക്തം

* അന്താർദേശീയ ലഹരി വിരുദ്ധദിനം.


ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ ഉണ്ടാക്കുന്നു. ലഹരിയുടെ ദൂഷ്യഫലങ്ങൾ ഉൾക്കൊള്ളിച്ച് ICT പ്രവർത്തനം നടത്തുന്നു.



# വനമഹോത്സവം

വനമഹോത്സവദിനത്തിന്റെ ഭാഗമായി
ചുറ്റുപാടുമുള്ള മരങ്ങൾ നിരീക്ഷിച്ച് അവയുടെ പേരു-
കൾ പട്ടികപ്പെടുത്തുന്നു. വനനശീകരണത്തിന്റെ
ദുഷ്ഫലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ICT
പ്രദർശനം, വിവിധ വൃക്ഷങ്ങളുടെ ചിത്രങ്ങൾ
ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുന്നു, വൃക്ഷ
തൈ വിതരണം ചെയ്ത് 'സ്നേഹമരം' പദ്ധതി
ഇതിനായി കുട്ടിക്ക് കിട്ടിയ തൈനട്ട് പരിപാ-
ലിച്ച് അതിന്റെ വളർച്ചയുടെ ഘട്ടങ്ങൾ പരിസര
പുസ്തകത്തിൽ രേഖപ്പെടുത്തുന്നു., വനനശീ
കരണത്തെക്കുറിച്ചുള്ള പോസ്റ്റർ തയ്യാറാക്കുന്നു.






## ഭാദ്രപദം

### * നാളികേര ദിനം

- കുറിപ്പ് തയ്യാറാക്കൽ - ലോകനാളികേരദിനത്തോടനുബന്ധിച്ച് തെങ്ങിന്റെയും തേങ്ങയുടെയും ഉപയോഗങ്ങളെക്കുറിച്ച്
- നാളികേരത്തെ ബാധിക്കുന്ന രോഗങ്ങളെക്കുറിച്ചും രോഗകാരികളെക്കുറിച്ചും പഠിക്കാൻ തയ്യാറാകുന്നു.
- സ്കൂൾ പരിസരത്ത് ഒരു തെങ്ങിൻ തൈ നടുന്നു.

## ഗുരുവന്ദനം

### * അധ്യാപകദിനം

- ഒരു മുതിർന്ന അധ്യാപകനെ ആദരിക്കൽ ചടങ്ങ് സംഘടിപ്പിക്കുന്നു. കൂടാതെ അദ്ദേഹവുമായി ഒരു അഭിമുഖം നടത്തുന്നു.
- ഡോ. എസ്. രാധാകൃഷ്ണനെക്കുറിച്ച് വിവരണം തയ്യാറാക്കി അവതരിപ്പിക്കുന്നു.

### * ഓസോൺ ദിനം

- ഓസോൺ ദിനവുമായി ബന്ധപ്പെട്ട് പോസ്റ്റർ തയ്യാറാക്കുന്നു.

ഓസോൺ പാളിയെ
രക്ഷിക്കൂ....
ഭൂമിയെ സംരക്ഷിക്കൂ....

- സ്ലൈഡ് ഷോ സംഘടിപ്പിക്കുന്നു.
- വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കൽ.
- വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് ധാരണ നേടുന്നതിന് ICT സാധ്യത പ്രയോജനപ്പെടുത്തുന്നു.

* ലോക തണ്ണീർത്തട ദിനം

- പോസ്റ്റർ നിർമ്മാണം.

ജലം ജീവാമൃതം

വെള്ളം വെള്ളം
സർവ്വത്ര.
തുള്ളികുടിക്കാനില്ലത്രേ.

തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു ബോധവൽക്കരണ ക്ലാസ് നൽകുന്നു.
ജലസംരക്ഷണവുമായി ബന്ധപ്പെട്ട് ജലസ്രോത

ന്യൂക്ലിയർ ശാസ്ത്രജ്ഞരെക്കുറിച്ചുള്ള ഒരു ICT പ്രദർശനം സംഘടിപ്പിക്കുന്നു.

## ശാസ്ത്രലോകം

* ദേശീയ ശാസ്ത്രദിനം

- ശാസ്ത്രദിനവുമായി ബന്ധപ്പെട്ട് ഒരു പതിപ്പ് തയ്യാറാക്കുന്നു.
- പ്രശസ്തരായ ശാസ്ത്രജ്ഞൻമാരുടെ ചിത്രം ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.
- ശാസ്ത്രദിനവുമായി ബന്ധപ്പെട്ട് ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുന്നു.
- ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം ഉൾപ്പെടുത്തി ഒരു ICT പ്രദർശനം.

ശാസ്ത്രമേള

→ ശാസ്ത്ര മാതൃകകൾ, ശാസ്ത്രോപകരണങ്ങൾ, ശാസ്ത്രപരീക്ഷകളുടെ പ്രദർശനം.

→ ശാസ്ത്ര പതിപ്പുകൾ, ശാസ്ത്ര പരീക്ഷണ സാമഗ്രികൾ

→ ശാസ്ത്ര കലണ്ടർ മുതലായവ ഉൾപ്പെടുത്തി ശാസ്ത്രമേള നടത്താവുന്നതാണ്.